LIBRARY ARCHIVES Kerala Legislative Assembly

ചേർത്തല സബ്ട്രഷറി ഓഫീസ്

112 (1852) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല സബ് ട്രഷറി ഓഫീസ് നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ നിന്നും സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ സിവിൽ സ്റ്റേഷനിൽ സബ്ട്രഷറി പ്രവർത്തിപ്പിക്കുവാൻ തയ്യാറാക്കിയിട്ടുള്ള കെട്ടിടത്തിലെ വൈദ്യുതീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വൈദ്യുതീകരണത്തിന് ഫണ്ട് അനുവദിക്കാത്തത് എന്ന് പറയാമോ ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതീകരണ ജോലിക്കായി ഫണ്ട് അനുവദിക്കുന്നതിനായുള്ള ഫയൽ ട്രഷറി ഡയറക്ടർക്ക് അയച്ചത് എന്നാണ് ; ഇതിൽ നടപടിയാകാത്തതും പണം അനുവദിക്കാത്തതും എന്തുകൊണ്ടാണെന്ന് പറയാമോ; അടിയന്തരമായി തുക അനുവദിച്ച് സബ്ട്രഷറി ഓഫീസ് ഈ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ സ്റ്റേഷനിൽ ട്രഷറി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായി നടത്തി വരുന്ന വൈദ്യുതീകരണമുൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകാത്തതിനാലാണ് സബ്ട്രഷറി മാറ്റുന്നതിന് കാലതാമസം നേരിടുന്നത്.

(ബി) ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ല ട്രഷറി ഓഫീസറുടെ 19-10-2015-ലെ ഇ 3/4677/2015 നമ്പർ കത്ത് പ്രകാരമാണ് വൈദ്യുതീകരണത്തിനായുള്ള അപേക്ഷ ട്രഷറി ഡയറക്ടർക്ക് ലഭിച്ചിട്ടുള്ളത്. 14-1-2016-ലെ ട്രഷറി ഡയറക്ടറുടെ നടപടിക്രമം നമ്പർ എ 1/1373/2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായാലുടൻതന്നെ ട്രഷറി ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ചാത്തന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം

113 (1853) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ സബ്ട്രഷറി സ്ഥാപിക്കുന്നതിലേയ്ക്കായി സൗജന്യമായി ഭൂമി ട്രഷറി വകുപ്പിന് ലഭിച്ചിരുന്നുവോ; എങ്കിൽ എത്ര സെന്റ് ഭൂമി; എന്നാണ് ലഭിച്ചതെന്ന് അറിയിക്കുമോ;